**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1780** **13-02-2025 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മൊബിലിറ്റി ഹബ്ബ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ പുതുക്കാട് കെ.എസ്.ആർ.ടി.സി. വക ദേശീയപാതയോട് ചേർന്ന വാണിജ്യ പ്രാധാന്യമുള്ള സ്ഥലത്ത് ഒരു മൊബിലിറ്റി ഹബ്ബ് സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന്റെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | 2021-22 സാമ്പത്തിക വർഷത്തെ Revised Budget Speech-ൽ പുതുക്കാട് കെ.എസ്.ആർ.ടി.സി. മൊബിലിറ്റി ഹബ്ബ് (Hub and Spoke Model)നായി കിഫ്ബിയുമായി ചേർന്ന് പദ്ധതി രൂപീകരിക്കും എന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ ബജറ്റിൽ ഇതിനായി പ്രത്യേക തുക വകയിരുത്തിയിരുന്നില്ല.<br><br>24/09/2021-ന് KIIFB CEO-യും മറ്റ് ഉദ്യോഗസ്ഥരുമായി, KIIFB ഫണ്ടിന് വേണ്ടി ചർച്ച നടത്തുകയുണ്ടായി. തുടർന്ന് Buro Development Architecture Planning എന്ന സ്ഥാപനം മുഖേന concept drawing ഉം Rough Cost estimate-ഉം തയ്യാറാക്കിയിട്ടുണ്ട്.<br><br>പ്രസ്തുത പ്രവൃത്തിയ്ക്ക് വേണ്ടി KIIFB മായി സഹകരിച്ച് International Financial Corporation (IFC) എന്ന ഏജൻസിയുമായി ചേർന്ന് സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. എന്നാൽ IFC സ്വീകാര്യമല്ലാത്ത ചില നിബന്ധനകൾ agreement-ൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയുണ്ടായി.<br><br>തുടർന്ന് സർക്കാർ ഉത്തരവ് GO(Rt) 328/2022/Trans dt:05/08/2022 പ്രകാരം KSRTC-യുടെ ബസ് സ്റ്റേഷനുകൾ PPP മോഡലിൽ വികസിപ്പിക്കുന്നതിനായി സാദ്ധ്യതപഠനം നടത്തുന്നതിനും ഇതുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾക്കുമായി KIIFB-യുടെ Consultancy wing ആയ KIIFCON Pvt. Ltd.-നെ Transaction Advisor ആയി നിയമിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ വാണിജ്യ പ്രാധാന്യമുള്ള പുതുക്കാട് ഉൾപ്പെടെയുള്ള 8 (എട്ട്) സ്ഥലങ്ങളിൽ EOI ക്ഷണിച്ചിരുന്നെങ്കിലും പുതുകാട് യൂണിറ്റിനായി ടെണ്ടർ ഒന്നും ലഭിച്ചിരുന്നില്ല. |

| | | | |
|---|---|---|---|
| | | | എന്നാൽ നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ സിവിൽ പ്രവൃത്തികൾ പി.ഡബ്ല്യു.ഡി. മുഖേന ചെയ്യുന്നതിന് ധാരണയായതിനാൽ എം.എൽ.എ. / എം.പി. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക്, ടി പുതുക്കാട് പ്രവൃത്തി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത സ്ഥലത്ത് അനുയോജ്യമായ വികസന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ സിവിൽ പ്രവൃത്തികൾ പി.ഡബ്ല്യു.ഡി. മുഖേന ചെയ്യുന്നതിന് ധാരണയായതിനാൽ എം.എൽ.എ. / എം.പി. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി പ്രവൃത്തി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ